# തിരുഹൃദയ മാസിക

(The Sacred Heart Monthly)

**Vol. 80**

**2015 May**


**സമർപ്പിത വർഷം**

80 Years of Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വിശ്വാസപരിശീലന കമ്മീഷൻ
- ദൈവവിളി കമ്മീഷൻ
- ഫാമിലി കമ്മീഷൻ
- തിരുബാലസഖ്യം
- കെ.സി.എസ്.എൽ.
- കെ. സി. വൈ. എൽ.
- കെ. സി. ഡബ്ല്യു.എ.
- ലീജിയൻ ഓഫ് മേരി
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- അഭി. പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ



**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 170
**New Pro Protosyncellus & Syncellus**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 4-5-2015

പ്രിയ ബഹു അച്ചാ,

സഭാ നിയമമനുസരിച്ച് അതിരൂപതയിലെ സഹായമെത്രാനാണ് പ്രോട്ടോസിഞ്ചലൂസ്. എന്നാൽ നമ്മുടെ അതിരൂപതയുടെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് നമ്മുടെ പ്രോട്ടോസിഞ്ചലൂസ് കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ താമസിച്ചുകൊണ്ട് മലബാർ റീജിയന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേ കമായ നേതൃത്വം നൽകുന്നതിനാൽ അതിരൂപതയുടെ എല്ലാ പ്രദേ ശങ്ങളിലും പ്രോട്ടോസിഞ്ചലൂസിന്റെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ അതിരൂപതയിൽ ഒരു പ്രോ പ്രോട്ടോ സിഞ്ചലൂസിനെ നിയമിച്ചിരിക്കുന്നത്.

2009 മുതൽ നമ്മുടെ അതിരൂപതയിലെ പ്രോ പ്രോട്ടോസിഞ്ച ലൂസായി സ്തുത്യർഹമായ സേവനം ചെയ്തുവന്ന മോൺസി ഞ്ഞോർ ഇളപ്പാനിക്കൽ ബ. മാത്യു അച്ചൻ തൽസ്ഥാനത്തുനിന്ന് വിരമിക്കുന്നതിനാൽ 2015 മെയ് 15 മുതൽ പുതിയ പ്രോ പ്രോട്ടോ സിഞ്ചലൂസ് ആയി നീണ്ടൂർ ഇടവക വെട്ടിക്കാട്ട് ബ. മൈക്കിള ച്ചനെ നിയമിക്കുന്നു. പ്രോ പ്രോട്ടോസിഞ്ചലൂസ് എന്ന നിലയിൽ മെത്രാന്റെ ചുമതലകളിൽ പ്രത്യേകമാംവിധം പങ്കുചേരുന്ന ബ. മൈക്കിളച്ചന് തന്റെ പുതിയ ശുശ്രൂഷയ്ക്കടുത്ത വിധേയത്വവും അനുസരണവും നൽകുവാൻ നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരോടും സമർപ്പിതരോടും അത്മായ വിശ്വാസികളോടും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. എല്ലാവരുടെയും സഹ കരണത്തോടെ തനിക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന ഈ പുതിയ ഉത്ത രവാദിത്വം വിശ്വസ്തതാപൂർവ്വം നിറവേറ്റുവാൻ ഏവരും അദ്ദേഹ ത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അദ്ദേഹത്തോട് സഹകരിക്കു കയും ചെയ്യേണ്ടതാണ്.

നമ്മുടെ അതിരൂപതയിലെ സീറോ മലങ്കര സഭാ വിഭാഗത്തിന്റെ സിഞ്ചലൂസ് ആയി ദീർഘകാലം സേവനം ചെയ്ത കുരിശുംമൂട്ടിൽ ബ. തോമസച്ചനും തൽസ്ഥാനത്തുനിന്ന് വിരമിക്കുന്നതിനാൽ 2015 മെയ് 15 മുതൽ ക്നാനായ സീറോ മലങ്കര സഭാഘടകത്തിന്റെ സിഞ്ചലൂസ് ആയി കൈതാരത്തിൽ ബ. തോമസച്ചനെ ഞാൻ നിയമിക്കുന്നു. നമ്മുടെ അതിരൂപതയിലെ സീറോ മലങ്കര സഭാ സമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഏവരുടെയും പ്രാർത്ഥനയും സഹകരണവും വഴി ഫലപ്രദമാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

മോൺസിഞ്ഞോർ ഇളപ്പാനിക്കൽ ബ. മാത്യു അച്ചനും കുരിശുംമൂട്ടിൽ ബ. തോമസച്ചനും തങ്ങളുടെ ശുശ്രൂഷയിലൂടെ നമ്മുടെ അതിരൂപതയ്ക്കും ദൈവജനത്തിനും നല്കിയ എല്ലാ നന്മകളെയും ഏറെ നന്ദിയോടെ അനുസ്മരിക്കുകയും തുടർന്നും അവർക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷകൾ ദൈവജനത്തിന് അനുഗ്രഹമായി തുടരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 മെയ് 17-ാം തീയതി ഞായറാഴ്ച നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിച്ചറിയിക്കേണ്ടതാണ്.

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ജൂൺ 5, 12, 19, 26 | ജാഗരണ പ്രാർത്ഥന |
| 11 – 14 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>ഫാ. ജിബിൽ, ബ്രദർ തോമസ് കുര്യൻ & ടീം |
| 13 | ജീസസ് യൂത്ത് കൂട്ടായ്മ |
| 21 – 25 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| | ഫാ. ജോസ് വടകര, ബ്രദർ അലക്സ് & ടീം |
| 28 – ജൂലൈ 2 | ആന്തരികവിശുദ്ധീകരണ ധ്യാനം<br>ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം |

# CHAITHANYA PROGRAMME
## June 2015

| *Date* | *Programme* |
|---|---|
| 3 | KSSS Animators' Meeting |
| 3-6 | H.S Hand Book Development |
| 4 | KCWA Executive Meeting |
| 5 | KSSS World Environment Day Celebration |
| 8 | KSSS Beautician Training |
| 9 | Bi-monthly Recollection of Rev. Priests |
| 11-13 | Pre-Marriage Course |
| 13 | KAPS General Body Meeting |
| 13 | KSSS IGP Training |
| 13 | KSSS Mushroom Cultivation Training |
| 16 | KSSS Co-ordinators' Meeting |
| 20 | KSSS Fathers Day Celebration |
| 20 | KSSS CBR CRC |
| 20 | KSSS Fish Cultivation Training |
| 21 | KSSS Neurological medical camp |
| 23 | KSSS Co-ordinators' Meeting |
| 23-27 | Co-operative Bank Employees Training |
| July 6 | KSSS Animators' Meeting |
| | |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് – 2015

സമർപ്പിത വർഷം പ്രമാണിച്ച് ഈ വർഷം ലോഗോസ് ക്വിസിൽ സമർപ്പിത പ്രതിഭയെ കണ്ടെത്തുന്നു. രൂപതകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സന്യസ്തർക്ക് സംസ്ഥാനതലത്തിൽ 2015 നവംബർ 27 ന് 'സമർപ്പിത ലോഗോസ് ക്വിസ്' മത്സരം നടത്തപ്പെടുന്നതാണ്.

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ഇടവകകളിൽ വിശ്വാസപരിശീലനം ആരംഭിക്കുന്നതോടെ തുടങ്ങുവാൻ ശ്രദ്ധിക്കുക.

## തീർത്ഥയാത്രകൾ

വിശുദ്ധനാട്ടിലേയ്ക്കും യൂറോപ്പിലേയ്ക്കും ഒക്ടോബർ മാസത്തിൽ തീർത്ഥയാത്രകൾ സംഘടിപ്പിക്കുന്നു. തീർത്ഥയാത്രകളിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടുക: ഫോൺ: 9447507304.

**ഫാ. ജോർജ് പുതുപ്പറമ്പിൽ**
(ചെയർമാൻ, ബൈബിൾ കമ്മീഷൻ)

# വിശ്വാസപരിശീലന കമ്മീഷൻ

റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ അതിരൂപതയുടെ വിശ്വാസ പരിശീലന കമ്മീഷന്റെയും റവ. ഫാ. ബിനീഷ് മാങ്കോട്ടിൽ മലബാർ റീജിയൻ കാറ്റിക്കിസത്തിന്റെയും ചെയർമാന്മരായി ചുമതലയേറ്റു.

മെയ് 31 ന് ചൈതന്യയിൽ വച്ച് സൺഡേ സ്കൂൾ പ്രഥമാദ്ധ്യാപകരുടെ മീറ്റിംഗ് നടന്നു.

ജൂൺ 7-ാം തീയതി 2015 -2016 ലെ വിശ്വാസ പരിശീലന ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
(ചെയർമാൻ, കാറ്റക്കിസം കമ്മീഷൻ)

# ദൈവവിളി കമ്മീഷൻ

ദൈവവിളി കമ്മീഷന്റെ പുതിയ ചെയർമാനായി റവ. ഫാ. ബിബി തറയിൽ ചുമതലയേറ്റു. മുൻ ചെയർമാൻ റവ. ഫാ. ജോസ് തേക്കുനിൽക്കുന്നതിലിനു മെയ് 14-ാം തീയതി വ്യാഴാഴ്ച യാത്രയയപ്പു നൽകി.

9-6-2015 ചൊവ്വാഴ്ച ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വച്ച് ബഹു. വൈദികരുടെ മാസധ്യാനം നടത്തപ്പെടുന്നു. രാവിലെ 10 ന് ആരംഭിക്കുന്ന ധ്യാനത്തിന് ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നത് റവ. ഫാ. തോമസ് മുഴുത്തേട്ട് ഒ.സി.ഡിയാണ്.

അതിരൂപതയിലെ മൈനർ സെമിനാരികളിലേയ്ക്കും സാന്ന്യാസിനി സമൂഹങ്ങളിലേയ്ക്കുമുള്ള പുതിയ ബാച്ച് ജൂൺ 13 ന് എത്തിച്ചേരുന്നു. ജൂൺ 15-ാം തീയതി തിങ്കളാഴ്ച പുതിയ ബാച്ചിന്റെ അദ്ധ്യയന വർഷം അതിരൂപതാ മൈനർ സെമിനാരിയിൽ വച്ച് അഭി. മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നതാണ്.

**റവ. ഫാ. ബിബി തറയിൽ**

ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ

# ഫാമിലി കമ്മീഷൻ

## യാത്രയയപ്പ് നല്കി

ഒരു വർഷക്കാലം അതിരൂപതാ ഫാമിലി കമ്മീഷൻ ചെയർമാനായി സ്തുത്യർഹസേവനം ചെയ്തതിനുശേഷം കല്ലറ പഴയപള്ളി വികാരിയായി നിയമിതനായ ഫാ. ജോസ് കുറുപ്പന്തറയ്ക്ക് കമ്മീഷനംഗങ്ങൾ യാത്രയയപ്പ് നല്കി. പുതിയ ചെയർമാനായി റവ. ഡോ. ബ്രസൻ ഒഴുങ്ങാലിൽ ചുമതലയേറ്റു.

**ഫാ. ബ്രസൻ ഓഴുങ്ങാലിൽ**

ചെയർമാൻ, ഫാമിലി കമ്മീഷൻ

# തിരുബാലസഖ്യം

## ഏയ്ഞ്ചൽസ് മീറ്റ് സംഘടിപ്പിച്ചു

തിരുബാലസഖ്യം സംഘടനയുടെ നേതൃത്വത്തിൽ ഏയ്ഞ്ചൽസ് മീറ്റ് - 2015 സംഘടിപ്പിച്ചു. തൂവാനിസ പ്രാർത്ഥനാലയത്തിൽ സംഘടിപ്പിച്ച സംഗമത്തോടനുബന്ധിച്ച് കുട്ടികൾക്കായി നടന്ന സെമിനാറിന് ഫാ. ജിബിൽ കുഴിവേലിൽ, വിൽസൺ കെ ദേവസ്യ എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടത്തപ്പെട്ട ദിവ്യബലിയിൽ കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കടുത്തുരുത്തി ഫൊറോന വികാരി ഫാ. ജോസ് ചിറപ്പുറത്ത്, തിരൂബാലസഖ്യം കോട്ടയം അതിരൂപതാ ഡയറക്ടർ ഫാ. ജിനു കാവിൽ

എന്നിവർ സഹകാർമ്മികരായിരുന്നു. സംഗമത്തിൽ പങ്കെടുത്ത കുട്ടികൾക്കുള്ള ഉപഹാരം മാർ ജോസഫ് പണ്ടാരശ്ശേരിൽ വിതരണം ചെയ്തു. കോട്ടയം അതിരൂപതയുടെ കീഴിലുള്ള വിവിധ ഇടവകകളിൽ നിന്നായി ഈ വർഷം പ്രഥമദിവ്യകാരുണ്യം സ്വീകരിച്ച അഞ്ഞൂറോളം കുട്ടികൾ ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്തു. സംഗമത്തിന് ഫാ. സനീഷ് കയ്യാലയ്ക്കകത്ത്, സിസ്റ്റർ ജോൺസിയ എസ്.വി.എം, ജീസസ് യൂത്ത് പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

## തിരുബാലസഖ്യം വൈസ് ഡയറക്ടേഴ്സ് മീറ്റ്

തിരുബാലസഖ്യം സംഘടനയുടെ 2015-16 വർഷത്തെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമായി സംഘടനയുടെ വൈസ് ഡയറക്ടർമാരുടെ യോഗം 2015 ജൂൺ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. എല്ലാ യൂണിറ്റിലേയും വൈസ് ഡയറക്ടർമാർ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു,

ഫാ. ജിനു കാവിൽ (അതിരൂപതാ ഡയറക്ടർ)

# കെ.സി.എസ്.എൽ

അതിരൂപതാ കെ.സി.എസ്.എൽ സംഘടനയുടെ 2015-16 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും പഠനരേഖ വിശകലനം ചെയ്യുന്നതിനുമായി നമ്മുടെ അതിരൂപതാ സ്കൂളുകളിലെ കെ.സി.എസ്.എൽ അനിമേറ്റർമാരുടെ യോഗം 2015 ജൂൺ 27-ാം തീയതി ശനിയാഴ്ച രാവിലെ 10 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്.

**ഫാ. ജിനു കാവിൽ** (ഡയറക്ടർ)

# കെ. സി. വൈ. എൽ.

## സമുദായപഠന ക്യാമ്പ് ഇടയ്ക്കാട്ട് ഫൊറോനയിൽ സംഘടിപ്പിച്ചു

തെള്ളകം: കെ.സി.വൈ.എൽ. അതിരൂപതാ സമിതി ഫൊറോനകൾക്കായി സംഘടിപ്പിക്കുന്ന സമുദായപഠന ക്യാമ്പുകളുടെ പരമ്പരയിലെ 5-ാമത് ക്യാമ്പ് മെയ് 4, 5 തീയതികളിൽ ഇടയ്ക്കാട്ട് ഫൊറോന

യ്ക്കായി ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ക്യാമ്പിന്റെ ഉദ്ഘാടനം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളിൽ അദ്ധ്യക്ഷനായിരുന്നു. രണ്ട് ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ സമുദായചരിത്രം, പുരാതനപാട്ടുകൾ, യഹൂദസമൂഹവുമായി നമ്മൾ പുലർത്തുന്ന സാമ്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഫാ. സൈമൺ പുല്ലാട്ട്, ഷിനോ കുന്നപ്പിള്ളിൽ, സിജിൻ ഒളശ്ശ, ഫാ. ജോൺ ചൊള്ളാനിക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. മെയ് 5 ന് വൈകുന്നേരം 4 മണിയോടെ ക്യാമ്പ് സമാപിച്ചു. 50-ൽ അധികം യുവജനങ്ങൾ ഇടയ്ക്കാട് ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി ക്യാമ്പിൽ സംബന്ധിച്ചു. അതിരൂപതാ ചാപ്ലയിൻ ഫാ. എബ്രഹാം പറമ്പേട്ട്, അതിരൂപതാ ഭാരവാഹികളായ ദിനൂപ് മലയിൽ, ജിൻസ് പൂത്തറ, ബെൻസി വലിയപറമ്പിൽ, ജോയിന്റ് ഡയറക്ടർ തോമസ് മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

## സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്യാമ്പിന്റെ രണ്ടാംഘട്ടം സംഘടിപ്പിച്ചു

ചേർപ്പുങ്കൽ: സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്യാമ്പിന്റെ രണ്ടാം ഘട്ടം മെയ് 9, 10 തീയതികളിലായി ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. മെയ് 10-ാം തീയതി രാവിലെ 10 മണിയോടെ ക്യാമ്പ് ആരംഭിച്ചു. കെ.സി.വൈ.എൽ. അതിരൂപതാ പ്രസിഡന്റ് ഷിനോ കുന്നപ്പിള്ളി അദ്ധ്യക്ഷനായിരുന്നു. യോഗം ടി.പി. ശ്രീനിവാസൻ ഐ.എഫ്.എസ് ഉദ്ഘാടനം ചെയ്തു. പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചാണ് ക്യാമ്പ് സംഘടിപ്പിച്ചത്. പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ ഡോ. ജോസഫ് വെട്ടിക്കൽ, ടി.പി. ശ്രീനിവാസൻ ഐ.എഫ്.എസ്. ഉൾപ്പെടെയുള്ള പ്രഗത്ഭരായ പരിശീലകർ ക്ലാസ്സുകൾ നയിച്ചു. സിവിൽ സർവ്വീസ് എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറെടുക്കുമ്പോൾ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി ക്യാമ്പിൽ വിശദീകരിച്ചു. അതിരൂപതാ ചാപ്ലയിൻ ഫാ. എബ്രഹാം പറമ്പേട്ട്, സി. സാന്ദ്രാ, ജോയിന്റ് ഡയറക്ടർ തോമസ് മാത്യു, അതിരൂപതാ ഭാരവാഹികളായ ദിനൂപ് മലയിൽ, ദീപു വടക്കേടത്ത്, ജിൻസ് പൂത്തറ എന്നിവർ സന്നിഹിതരായിരുന്നു. മെയ് 10-ാം തീയതി 3 മണിയോടെ സമാപിച്ച ക്യാമ്പിൽ 30 പേർ പങ്കെടുത്തു.

**ദിനൂപ് പി. മലയിൽ**

ജനറൽ സെക്രട്ടറി

# കെ. സി. ഡബ്ല്യു. എ.

## മാതൃദിനാഘോഷവും ധ്യാനവും നടത്തി

കോട്ടയം അതിരൂപതാ K.C.W.A. യുടെ ആഭിമുഖ്യത്തിൽ മാതൃദിനാഘോഷവും ധ്യാനവും മെയ് 9-ാം തീയതി നീറിക്കാട് ലൂർദ്ദ് മാതാ പള്ളിയിൽ നടത്തുകയുണ്ടായി. രാവിലെ 10.30 ന് ഫാ. സുരേഷ് (കപ്പൂച്ചിൻ) ധ്യാനം നടത്തി. ഉച്ചയ്ക്കുശേഷം മാതൃദിനാഘോഷവും കലാപരിപാടികളും നടത്തുകയുണ്ടായി. അതിരൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി അന്നമ്മ ജോൺ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മോൺ. മാത്യു ഇളപ്പാനിക്കൽ ഉദ്ഘാടനം ചെയ്തു. സമർപ്പിത വർഷം പ്രമാണിച്ച് സന്യസ്തരുടെ അമ്മമാരെ ആദരിച്ചു. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സ്വരൂപിച്ച പ്ലാസ്റ്റിക്കുകൾ തിടനാട്ടുനിന്നും എത്തിയ കമ്പനിക്കാർക്ക് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. നീറിക്കാട് പള്ളി വികാരി ഫാ. ജോസ് പാട്ടക്കണ്ടത്തിൽ, മോനച്ചൻ കറ്റുവീട്ടിൽ, നിഖിൽ ഫ്രാൻസിസ്, എത്സമ്മ രാജു, ബീനാ രാജു എന്നിവർ പ്രസംഗിച്ചു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 400 ഓളം അംഗങ്ങൾ പങ്കെടുത്തു.

**ബീനാ രാജു**

സെക്രട്ടറി

# ലീജിയൻ ഓഫ് മേരി

## പ്രാർത്ഥനായോഗം

2015 മെയ് 5 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ബഹു. ജോസ് കുറുപ്പന്തറയച്ചന്റെ നേതൃത്വത്തിൽ ചൈതന്യയിൽ വച്ച് ലീജിയൻ ഓഫ് മേരിയുടെ പ്രാർത്ഥന യോഗം നടന്നു.

## തീർത്ഥാടന – വിനോദയാത്ര

മെയ് 6-ാം തീയതി 40 മരിയൻ സൈനികർ ഭരണങ്ങാനം, മുട്ടം, വടക്കുംമുറി എന്നീ പള്ളികളും തൊടുപുഴ മലങ്കര ഡാമും സന്ദർശിച്ചു.

## ഡയറക്ടറി പ്രകാശനം ചെയ്തു

മെയ് 13-ാം തീയതി തെള്ളകം ചൈതന്യാ പാസ്റ്ററൽ സെന്ററിൽ നടന്ന ചടങ്ങിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് അതിരൂ

പതാ വികാരിജനറൾ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ടിന് കോപ്പി നല്കി ക്കൊണ്ട് ലീജിയൻ ഓഫ് മേരി ഡയറക്ടറി പ്രകാശനം ചെയ്തു.

അടുത്ത പ്രാർത്ഥനായോഗം ജൂൺ 2-ാം തീയതി കൂടുന്നതാണ്.

**മോളി സൈമൺ കരിമ്പുംകാലായിൽ**
പ്രസിഡന്റ്

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി വികസന പാതയിൽ വരും ദിനങ്ങളിൽ

## പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് ചൈതന്യയിൽ

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിപുലമായ പരി പാടികളോടെ കെ.എസ്.എസ്.എസ് പരിസ്ഥിതി ദിനാചരണം സംഘടി പ്പിക്കുന്നു. ജൂൺ 5 വെള്ളിയാഴ്ച രാവിലെ 10.30 ന് ചൈതന്യയിൽ സംഘ ടിപ്പിക്കുന്ന ദിനാചരണത്തിൽ കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന 'വൃക്ഷമിത്ര 2015' പദ്ധതിയുടെയും ഇതര പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നടത്തപ്പെടും. ദിനാചരണത്തോട നുബന്ധിച്ച് പരിസ്ഥിതി സംരക്ഷണ സന്ദേശം പകർന്നു നൽകി വൃക്ഷതൈ നടീൽ മത്സരവും 'പരിസ്ഥിതി സംരക്ഷണം ജീവന്റെ നില നിൽപ്പിന്' എന്ന വിഷയത്തെ ആസ്പദമാക്കി നിശ്ചലദൃശ്യാവിഷ്ക്കാര മത്സരവും സംഘാംഗങ്ങൾക്കായി ക്രമീകരിച്ചിട്ടുണ്ട്. ദിനാചര ണത്തോടനുബന്ധിച്ച് മത-സാമൂഹിക-രാഷ്ട്രീയ-പരിസ്ഥിതി രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പൊതുസമ്മേളനവും പരിസ്ഥിതി ദിന പ്രതി ഞ്ജയും നടത്തപ്പെടും. കൂടാതെ പരിസ്ഥിതി സംരക്ഷണത്തെ ആസ്പ ദമാക്കി സെമിനാറും വൃക്ഷതൈ വിതരണവും ക്രമീകരിച്ചിട്ടുണ്ട്.

## പരിസ്ഥിതി ദിനത്തിൽ സൗരോർജ്ജ വിളക്കുകൾ ലഭ്യമാക്കുന്നു

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗരോർജ്ജ റാന്തൽ വിളക്കുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. 3070 രൂപ വില യുള്ള സോളാർ റാന്തൽ വിളക്ക് സ്വാശ്രയ സംഘാംഗങ്ങൾക്ക് 2650 രൂപയ്ക്കും പൊതുജനങ്ങൾക്ക് 2850 രൂപയ്ക്കും ലഭ്യമാക്കും. റാന്തൽ വിളക്കുകൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർ മുഴുവൻ തുകയും

അടച്ച് ആനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ സോളാർ റാന്തൽ വിളക്കുകളുടെ സർവ്വീസിംഗും അന്നേ ദിവസം ക്രമീകരിച്ചിട്ടുണ്ട്.

## വൃക്ക രോഗ നിർണ്ണയ ക്യാമ്പ്

ഫാ. ഡേവീസ് ചിറമ്മേൽ ചെയർമാനായുള്ള കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ സുരക്ഷാ കേരളം പദ്ധതിയുമായി സഹകരിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സംക്രാന്തി ക്നാനായ കത്തോലിക്ക കോൺഗ്രസിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ വൃക്കരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. ജൂൺ 27-ാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ സംക്രാന്തി ലിറ്റിൽ ഫ്ളവർ ചർച്ച് പാരീഷ് ഹാളിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

## പുരുഷ സ്വാശ്രയസംഘാംഗങ്ങൾക്കായി നേതൃത്വ പരിശീലനം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന പുരുഷ സ്വാശ്രയസംഘങ്ങളിലെ അംഗങ്ങൾക്കും നാളികേര ഉത്പാദക സംഘ ഭാരവാഹികൾക്കുമായി നേതൃത്വ പരിശീലന ക്യാമ്പ് ജൂലൈ 11, 12 തീയതികളിൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ഒരു ഗ്രൂപ്പിൽ നിന്ന് കുറഞ്ഞത് 2 അംഗങ്ങൾ എങ്കിലും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനത്തിൽ നേതൃത്വ പാടവം, ആശയവിനിമയം, ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകത, ഭാരവാഹികളുടെ ഉത്തരവാദിത്വം എന്നീ വിഷയങ്ങളോടൊപ്പം കർഷകർക്ക് ലഭ്യമാകുന്ന വിവിധ ഗവൺമെന്റ് ആനുകൂല്യങ്ങളും ചർച്ച ചെയ്യുന്നതാണ്.

## സംസ്ഥാനതല അഡ്വക്കസി മീറ്റിംഗും ഹെലൻ കെല്ലർ ദിനാചരണവും

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനതല അഡ്വക്കസി മീറ്റിംഗും ഹെലൻ കെല്ലർ ദിനാചരണവും സംഘടിപ്പിക്കുന്നു. അന്ധ ബധിര പുനരധിവാസ പദ്ധതി സംസ്ഥാനതല പരിശീലന കേന്ദ്രമായ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ ജൂൺ 27-ാം തീയതി ശനിയാഴ്ച സംഘടിപ്പിക്കുന്ന പരിപാടിയിൽ അന്ധ-

ബധിര വ്യക്തികൾ, വിവിധ സന്നദ്ധ സംഘടനാ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർ പങ്കെടുക്കും. സെമിനാറുകൾ, വിവിധ കലാപരിപാടികൾ, പൊതുസമ്മേളനം എന്നിവയും ദിനാചരണത്തോട നുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്.

## 'ഡോക്ടേഴ്സ് ഡേ' ദിനാചരണം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ ഡോക്ടേഴ്സ് ഡേ ദിനാചരണം സംഘടിപ്പിക്കുന്നു. ജൂലൈ 1-ാം തീയതി ബുധനാഴ്ച തൊടുപുഴ ചുങ്കം സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളി ലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്യും. ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോർജ്ജ് പുതുപറമ്പിൽ അദ്ധ്യക്ഷത വഹിക്കും. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ മുഖ്യപ്രഭാഷണം നടത്തും. മുനിസിപ്പൽ കൗൺസിലർ ജോസ് മഠത്തിൽ ആശംസ അർപ്പിച്ച് സംസാരിക്കും. ദിനാചരണത്തോടനുബന്ധിച്ച് തൊടുപുഴ ചാഴിക്കാട് ആശുപത്രിയിലെ സീനിയർ ഡോക്ടർ ജോസ് ചാഴിക്കാടിനെ ആദരിക്കും. പരിപാടിയോട നുബന്ധിച്ച് 'മഞ്ഞപ്പിത്തവും പ്രതിരോധ മാർഗ്ഗങ്ങളും' എന്ന വിഷയ ത്തെക്കുറിച്ച് ഡോ. ജോസ് ക്ലാസ്സ് നയിക്കും.

## നവോമി മേഖല സംഗമങ്ങൾ സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ വിധവകൾക്കും കുടുംബഭാരം പേറുന്ന സ്ത്രീകൾക്കുമായി രൂപീകൃതമാ യിരിക്കുന്ന നവോമി ഗ്രൂപ്പുകളുടെ മേഖല സംഗമങ്ങൾ സംഘടിപ്പിക്കു ന്നു. കടുത്തുരുത്തി മേഖലയുടെ നവോമി സംഗമം ജൂൺ 20-ാം തീയതി ശനിയാഴ്ച കുറുപ്പന്തറ സെന്റ് തോമസ് ചർച്ച് ഹാളിലും ചുങ്കം മേഖല യുടെ സംഗമം ജൂൺ 24-ാം തീയതി ബുധനാഴ്ച ചുങ്കം സെന്റ് മേരീസ് ചർച്ച് മിനി പാരീഷ് ഹാളിലുമാണ് സംഘടിപ്പിക്കുന്നത്. സംഗമത്തോടനു ബന്ധിച്ച് "സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും പ്രതിവിധികളും" എന്ന വിഷയത്തിൽ സെമിനാറും പൊതുസമ്മേളനവും നടത്തപ്പെടും.

## തിമിര നിർണ്ണയ ക്യാമ്പ്

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ തിമിര നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ക്യാമ്പിൽ പങ്കെടുത്ത് രോഗ നിർണ്ണയം നടത്തുന്ന വർക്ക് തുടർ ചികിത്സാ സൗകര്യങ്ങളും ഒരുക്കുന്നതാണ്. മെയ് മാസ ത്തിൽ പൂഴിക്കോൽ, ചാരമംഗലം ഗ്രാമങ്ങളിൽ നടത്തിയ ക്യാമ്പിൽ പങ്കാ ളികളായ 381 പേരിൽ നിന്ന് 61 പേർക്ക് തിമിരം ഉള്ളതായി കണ്ടെത്തു കയും തുടർ ചികിത്സാ ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു. ജൂൺ മാസം 18-ാം തീയതി പുന്നത്തറയിലും 25-ാം തീയതി റാന്നിയിലും ക്യാമ്പുകൾ സംഘടിപ്പിക്കും.

## പിതൃദിനാചരണം

2015 ജൂൺ 21 ലോക പിതൃദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പിതൃദിനാചരണം സംഘ ടിപ്പിക്കുന്നു. ജൂൺ 20 ശനിയാഴ്ച രാവിലെ 10.30 നാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. കെ.എസ്.എസ്.എസ് സ്മാർട്ട് ഗ്രൂപ്പിലെ കുട്ടികളും പിതാക്കളും ദിനാചരണത്തിൽ പങ്കെടുക്കും ദിനാചരണത്തോടനുബ ന്ധിച്ച് സ്മാർട്ട് കുട്ടികൾക്കായി നടപ്പാക്കുന്ന 'പപ്പയ്ക്ക് ഒരു പപ്പായ' പദ്ധതിയുടെ ഉദ്ഘാടനവും നടത്തപ്പെടും.

## ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സമൂഹാ ധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി തുടർച്ചയായി നടത്തി വരുന്ന ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് ജൂൺ 21-ാം തീയതി ഞായ റാഴ്ച രാവിലെ 9.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകും.

## കർക്കിടക കഞ്ഞികിറ്റ്

പഴമക്കാർ ഏറെ ഉപയോഗിച്ചുകൊണ്ടിരുന്നതും ഇന്നത്തെ തലമു റയ്ക്ക് സുപരിചിതമല്ലാത്തതുമായ കർക്കിടക കഞ്ഞിക്കിറ്റ് സംഘാംഗ ങ്ങൾക്കായി തയ്യാറാക്കുന്നു. വർഷംതോറും ഔഷധ യുക്തമായ കർക്കി

ടക കഞ്ഞിക്കൂട്ട് ഉപയോഗിക്കുന്നത് ദഹനശക്തി നിലനിർത്തുന്നതിനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിച്ച് ശരീരത്തിന് ബലം പ്രദാനം ചെയ്യുന്നതിനും സാംക്രമിക രോഗങ്ങളിൽ നിന്നുള്ള മുക്തി ലഭിക്കുന്നതിനും സഹായകമാകുന്നു. 7 ദിവസത്തെ ഉപയോഗത്തിനായുള്ള കാരിത്താസ് ആയുർവേദ ആശുപത്രിയിൽ തയ്യാറാക്കിയ കർക്കിടക കഞ്ഞിക്കിറ്റ് സംഘാംഗങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നു.

## പരിശീലനങ്ങൾ

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

കെ.എസ്. എസ്.എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ജൂൺ 13 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

## ബ്യൂട്ടീഷ്യൻ പരിശീലനം

ഒരു മാസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ജൂൺ 8 തിങ്കളാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, കാത് കുത്ത്, കാത് ഒട്ടിക്കൽ, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9961017249 എന്ന നമ്പരിൽ ബന്ധപ്പെടുക.

## തയ്യൽ പരിശീലനം

ജൂൺ 8-ാം തീയതി തിങ്കളാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. അടിസ്ഥാന തയ്യൽ പരിശീലനവും, ചുരിദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളിലുമാണ് പരിശീലനം സംഘടിപ്പിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9544058840 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കൂൺ കൃഷി പരിശീലനം

കൂൺകൃഷി പരിശീലനം ജൂൺ 13-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ജൂൺ 13-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ജൂൺ 13-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

# സി.ബി.ആർ വാർത്തകൾ

## ബട്ടർഫ്ളൈ ക്യാമ്പ്

സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്രവളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെ മെയ് 21, 22 തീയതികളിൽ ചൈതന്യയിൽ ബട്ടർഫ്ളൈ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം കോട്ടയം ജില്ല പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി നിർവ്വഹിച്ചു. കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ദ്വിദിന ക്യാമ്പിനോടനുബന്ധിച്ച് കാർട്ടൂൺ പരിശീലനം, യോഗാ പരിശീലനം, കരകൗശല വസ്തുക്കളുടെ നിർമ്മാണ

പരിശീലനം, വിവിധ മത്സരങ്ങൾ, ആക്ഷൻസോംങ്, കാരീസ് ഭവൻ സന്ദർശനം എന്നിവ ക്രമീകരിച്ചിരുന്നു. സി.ബി.ആർ പ്രോഗ്രാം കോർഡിനേറ്റർ ബബിത റ്റി. ജെസിൽ, സിസ്റ്റർ ലൂഡ്സി, മേരി ഫിലിപ്പ് , നീതു രാമകൃഷ്ണൻ, ജെയ്ൻ ജെയിംസ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. 72 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

## ചൈതന്യ ആർട്സ് ബാനർ യൂണിറ്റ് ആരംഭിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും ആഭിമുഖ്യത്തിൽ 'ചൈതന്യ ആർട്സ്' എന്ന പേരിൽ ബാനർ യൂണിറ്റ് ചൈതന്യയിൽ ആരംഭിച്ചു. സെൻസ് ഇന്റർനാഷണൽ ഇൻഡ്യ ഡെപ്യൂട്ടി ഡയറക്ടർ ബിജു മാത്യു യൂണിറ്റ് ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, പ്രൊജക്ട് കോർഡിനേറ്റർ ഷൈല തോമസ് എന്നിവർ പങ്കെടുത്തു.

## കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ സൗരോർജ്ജ ദിനാചരണം സംഘടിപ്പിച്ചു

സൗരോർജ്ജ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സൗരോർജ്ജ ദിനാഘോഷം സംഘടിപ്പിച്ചു. കടുത്തുരുത്തി സെന്റ് മേരീസ് വലിയ പള്ളി പാരിഷ് ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു.സമ്മേളനത്തിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ അദ്ധ്യക്ഷത വഹിച്ചു. ദിനാചരണത്തോടനുബന്ധിച്ച് സോളാർ റാന്തൽ വിളക്ക് വിതരണം, മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃക കാട്ടിയ വനിതയെ ആദരിക്കൽ എന്നിവയും നടത്തപ്പെട്ടു. കൂടാതെ തിരുവനന്തപുരം എനർജി മനേജ്മെന്റ് സെന്റർ റിസോഴ്സ് പേഴ്സൺ ഷെറിഫ് എം. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രയോഗികതലത്തിൽ എന്ന വിഷയത്തിൽ സെമിനാർ നയിച്ചു. 400 ഓളം പേർ പങ്കെടുത്തു.

## റോഡ് സുരക്ഷ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന റോഡ് സുരക്ഷ അതോറിറ്റിയുടെ സഹകരണത്തോടെ ഡ്രൈവർമാർക്കായി ഏകദിന വാഹന റോഡ് സുരക്ഷ സെമിനാർ സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ കളക്ടർ യു.വി. ജോസ് ഐ.എ.എസ് നിർവ്വഹിച്ചു. കോട്ടയം റീജയണൽ ട്രാൻസ്പോർട്ട് ഓഫീസർ ബി.ജെ ആന്റണി അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കെ.എസ്.എസ്. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കോട്ടയം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഷാജി പി.ഇ, അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സുരേഷ് കെ. വിജയൻ, കെ.എസ്.എസ്.എസ് പി.ആർ.ഒ. സിജോ തോമസ്, പ്രോഗ്രാം ഓഫീസർ ബബിത റ്റി. ജെസിൽ എന്നിവർ പ്രസംഗിച്ചു. സെമിനാറിനോടനുബന്ധിച്ച് വാഹന റോഡ് സുരക്ഷ വിഷയത്തെ ആസ്പദമാക്കി വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു. നൂറ്റമ്പതോളം ഡ്രൈവർമാർ സെമിനാറിൽ പങ്കെടുത്തു.

## ഇൻഫാമിന്റെ പ്രവർത്തന ഉദ്ഘാടനവും കർഷക നേതൃസംഗമവും സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇൻഫാമിന്റെ പ്രവർത്തനോദ്ഘാടനവും കർഷക നേതൃസംഗമവും ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത മെത്രാപ്പോലിത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ മെത്രാനും ഇൻഫാം ദേശീയ രക്ഷാധികാരിയുമായ മാർ മാത്യു അറയ്ക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയാർ അഡ്വ. വി.സി. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഇൻഫാം ജില്ലാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. ബിൻസ് ചേത്ത

ലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, നാളികേര വികസന ബോർഡ് കോട്ടയം ജില്ലാ മാർക്കറ്റിംഗ് ഓഫീസർ സെബാസ്റ്റ്യൻ കെ.എസ്, റോയി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

## മാതൃദിനാഘോഷങ്ങൾ

ഇടയ്ക്കാട്ട് മേഖലയുടെ നേതൃത്വത്തിൽ കുമരകം ഗ്രാമത്തിൽ മേഖലാതല മാതൃദിനാഘോഷം സംഘടിപ്പിച്ചു. ദിനാഘോഷത്തിന്റെ ഉദ്ഘാടനം കുമരകം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. മൈക്കിൾ നെടുന്തുരുത്തിയിൽ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ദിനാചരണത്തോടനുബന്ധിച്ച് 'കുടുംബ മൂല്യങ്ങൾ' എന്ന വിഷയത്തിൽ ഫാമിലി കൗൺസിലർ ഗ്രേസ് ലാൽ ക്ലാസ് നയിച്ചു. 421 പേർ പങ്കെടുത്തു. ഉഴവൂർ മേഖലയുടെ നേതൃത്വത്തിൽ മോനിപ്പള്ളി, അരീക്കര ഗ്രാമങ്ങളിൽ മാതൃദിനാഘോഷം സംഘടിപ്പിച്ചു. മോനിപ്പള്ളി ഗ്രാമത്തിൽ നടത്തിയ മാതൃദിനാഘോഷത്തിൽ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ലൂക്ക് പൂതൃക്കയിലിന്റെ അദ്ധ്യക്ഷതയിൽ ഉഴവൂർ പഞ്ചായത്ത് പ്രസിഡന്റ് പ്രകാശ് വടക്കേൽ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ മുഖ്യപ്രഭാഷണം നടത്തി. മാതൃദിനാഘോഷത്തോടനുബന്ധിച്ച് കുടുംബ ജീവിതത്തെ ആസ്പദമാക്കി ഗ്രേയ്സ് ലാൽ ക്ലാസ്സ് നയിച്ചു. അരീക്കര ഗ്രാമത്തിൽ നടത്തിയ മാതൃദിനാഘോഷത്തിൽ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് നെടുങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. മാതൃദിനത്തിന്റെ മൂല്യത്തെക്കുറിച്ച് അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്ലാസ്സ് നയിച്ചു. വെളിയന്നൂർ പഞ്ചായത്ത് പ്രസിഡന്റ് ലില്ലി ജോസ് ആശംസയർപ്പിച്ചു. 403 പേർ പങ്കെടുത്തു.

മലങ്കര മേഖലയുടെ നേതൃത്വത്തിൽ വെളിയനാട് സെന്റ് മൈക്കിൾസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച ദിനാഘോഷത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത മലങ്കര റീജിയൺ വികാരി ജനറാൾ റവ. ഫാ. തോമസ് കൈതാരം നിർവ്വഹിച്ചു. വെളിയനാട് ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് മാമ്പുഴയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അഡ്വ. ജേക്കബ് എബ്രഹാം, പി.പി

മോനിച്ചൻ, സജിനി ചാക്കോ, സുകുമാരി വിജയൻ എന്നിവർ പ്രസംഗിച്ചു. 350 പേർ പങ്കെടുത്തു.

## നാളികേര ഉൽപാദക സംഘ കേന്ദ്രതല പ്രതിനിധി സംഗമം

നാളികേര ഉൽപാദക സംഘങ്ങളുടെ കേന്ദ്രതല പ്രതിനിധി സംഗമം സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സംഗമ ത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് ഐ.എ.എസ് നേതൃത്വം നൽകി. സംഘങ്ങളുടെ നിലവിലെ പ്രവർത്തന വിലയിരുത്തലും തുടർ പ്രവർത്തന ആസൂത്രണവും നടത്തപ്പെട്ടു. ഉത്പാദക സംഘങ്ങളുടെ പ്രവർത്തന സാധ്യതയെക്കുറിച്ച് കോട്ടയം മാർക്കറ്റിംഗ് ഓഫീസർ കെ.എസ് സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. സംഗമത്തിൽ 23 സംഘങ്ങളെ പ്രതിനിധീകരിച്ച് 121 പേർ പങ്കെടുത്തു.

## ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റിയുടെ പുതിയ ഓഫീസ് കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പുതിയ ഓഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. തടിയമ്പാട് മരിയ സദൻ അനിമേഷൻ സെന്ററിനോട് ചേർന്ന് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിച്ചു. കോട്ടയം അതിരൂപത പ്രൊക്യുറേറ്റർ ഫാ. അലക്സ് ആക്കപ്പറമ്പിൽ, പടമുഖം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. സജി പുത്തൻപുരയ്ക്കൽ, തടിയമ്പാട് ഗ്രാമവികസന സമിതി പ്രസി ഡന്റ് ഫാ. ജെയിംസ് വടക്കേകണ്ടകരി എന്നിവർ സന്നഹിതരായിരുന്നു.

## നവോമി സംഗമം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ വിധവകൾക്കും കുടുംബ ഭാരം പേറുന്ന സ്ത്രീകൾക്കുമായി പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃത മായിരിക്കുന്ന നവോമി ഗ്രൂപ്പുകളെ കോർത്തിണക്കിക്കൊണ്ട് നവോമി മേഖല സംഗമം കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ കല്ലറ സെന്റ് തോമസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ചു. സംഗമത്തിൽ കല്ലറ ഗ്രാമവിക

സന സമിതി പ്രസിഡന്റ് ഫാ. ജോസ് കുറുപ്പന്തറയിൽ അദ്ധ്യക്ഷത വഹിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സച്ചു ജോസഫ് നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ മുഖ്യപ്രഭാഷണം നടത്തി. സംഗമത്തോടനുബന്ധിച്ച് സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും പരിഹാരങ്ങളും എന്ന വിഷയത്തെ ഫിസിയോതെറാപ്പിസ്റ്റ് വീണ ജോസ് ക്ലാസ് നയിച്ചു. സംഗമത്തോടനുബന്ധിച്ച് നവോമി രണ്ടാം ഘട്ട ആടുവളർത്തൽ പദ്ധതിയുടെ റിവോൾവിംഗ് ഫണ്ട് വിതരണവും നടത്തപ്പെട്ടു. സംഗമത്തിൽ 70 പേർ പങ്കെടുത്തു.

## ചുങ്കം ഹരിതവേദി മേഖല സംഗമം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ പ്രവർത്തിക്കുന്ന ഹരിതവേദി അംഗങ്ങളുടെ മേഖലാ സംഗമം സംഘടിപ്പിച്ചു. മെയ് 10-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് ചുങ്കം മിനി പാരീഷ് ഹാളിലാണ് സംഗമം സംഘടിപ്പിച്ചത്. ആത്മ ഡപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ ഡോ. ജി.എസ് മധു 'കൃഷിയും മൃഗസംരക്ഷണവും' എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നയിച്ചു. 80 സംഘാംഗങ്ങൾ പങ്കെടുത്തു.

## പുരുഷ സ്വാശ്രയസംഘാംഗങ്ങൾക്കായി തെങ്ങ്കയറ്റ പരിശീലനം

തൊഴിലാളി ദിനമായ മെയ് 1 ന് പുരുഷ സ്വാശ്രയ സംഘാംഗങ്ങൾക്കായി ഏക ദിന തെങ്ങ് കയറ്റ പരിശീലനം സംഘടിപ്പിച്ചു. തൊഴിലിന്റെ മഹത്വവും വ്യാപ്തിയും സ്വാശ്രയ സംഘാംഗങ്ങളിൽ എത്തിക്കുന്നതിനും സ്വയം സംരംഭങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന്റെയും ഭാഗമായിട്ടാണ് പരിശീലനം സംഘടിപ്പിച്ചത്. പരിശീലനത്തിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ തെങ്ങ് കയറ്റ യന്ത്രം ലഭ്യമാക്കി. പരിശീലനത്തിൽ കേരകർഷകർ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ, തെങ്ങുകയറ്റ യന്ത്ര ഉപയോഗം, ആശയവിനിമയം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകി. 15 അംഗങ്ങൾ പങ്കെടുത്തു.

## സംരംഭകത്വ സെമിനാർ നടത്തി

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്കായി സംരംഭകത്വ സെമി

നാർ സംഘടിപ്പിച്ചു. മെയ് 23-ാം തീയതി ശനിയാഴ്ച ചുങ്കം സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിലാണ് സെമിനാർ സംഘടിപ്പിച്ചത്. നൂതന വ്യവസായ സംരംഭകത്വത്തെക്കുറിച്ചും സംരംഭകർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങളെക്കുറിച്ചും ജില്ല വ്യവസായ ഓഫീസർ രജ്ഞിത് ബാബു സെമിനാർ നയിച്ചു. 66 സംരംഭകർ സെമിനാറിൽ പങ്കെടുത്തു.

## ചുങ്കം സെക്യൂരിറ്റി ഫോഴ്സ് രൂപീകരിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ സെക്യൂരിറ്റി ഫോഴ്സ് രൂപീകരിച്ചു. മെയ് 23-ാം തീയതി ശനിയാഴ്ച ചുങ്കം സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച സംരംഭകത്വ സെമിനാറിൽ വച്ച് തൊടുപുഴ മുൻസിപ്പൽ കൗൺസിലർ ജോസ് മഠത്തിൽ സെക്യൂരിറ്റി ഫോഴ്സ് ഉദ്ഘാടനം ചെയ്തു. ചുങ്കം, പറമ്പൻചേരി ഗ്രാമങ്ങളിലെ 12 ഹരിതവേദി അംഗങ്ങൾ ചേർന്നാണ് സെക്യൂരിറ്റി ഫോഴ്സ് രൂപീകരിച്ചത്.

## തീർത്ഥാടനയാത്രകൾ

വയോജനങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സീനിയർ സ്വാശ്രയസംഘത്തിലെ അംഗങ്ങൾക്കായി ഏപ്രിൽ, മെയ് മാസങ്ങളിലായി നടപ്പിലാക്കിയ തീർത്ഥാടനയാത്രകൾ പൂർത്തിയായി. മലങ്കര, കൈപ്പുഴ, കിടങ്ങൂർ, ഉഴവൂർ, കടുത്തുരുത്തി, ചുങ്കം, ഇടയ്ക്കാട് എന്നീ മേഖലകളിലെ വിവിധ ഗ്രാമങ്ങളിൽ നിന്നായി 447 സംഘാംഗങ്ങൾ തീർത്ഥാടന യാത്രകളിൽ പങ്കെടുത്തു.

## 2014 – 2015 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് പ്രകാശനം ചെയ്തു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2014-2015 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് പ്രകാശനം ചെയ്തു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ കോട്ടയം അതിരൂപത മെത്രാപ്പോലിത്താ മാർ മാത്യു മൂലക്കാട്ട് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിന് നൽകി ക്കൊണ്ടാണ് വാർഷിക റിപ്പോർട്ട് പ്രകാശനം ചെയ്തത്. അതിരൂപതാ വികാരി ജന

റാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, പി.ആർ.ഒ സിജോ തോമസ്, പ്രോഗ്രാം ഓഫീസർ ബെൻ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ബിൻസ് ചേത്തലിൽ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ക്നാനായ സ്റ്റാർസ് സംഗമം

കണ്ണൂർ: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ മേഖലയിൽ നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് ഡവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത ഹൈസ്കൂൾ, +1, +2 കുട്ടികളുടെ സംഗമം ശ്രീപുരം പാസ്റ്ററൽ സെന്ററിൽ നടന്നു. പ്രസ്തുത സംഗമം കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ഡോ. തങ്കച്ചൻ റ്റി.സി., ശ്രീ. അലക്സ് ജോർജ് കാവുകാട്ട് എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് 6 ദിവസം നീണ്ടുനിന്ന സഹവാസ ക്യാമ്പ് നടന്നു. കോട്ടയം അതിരൂപതാ യൂത്ത് ഡയറക്ടർ ഫാ. സൈമൺ പുല്ലാട്ട്, പാലാ സെന്റ് തോമസ് കോളജ് അധ്യാപകരായ ഡോ. തങ്കച്ചൻ റ്റി.സി, ശ്രീ. അലക്സ് ജോർജ് കാവുകാട്ട്, ശ്രീ. അബ്രഹാം യു.പി. ആഷ്ന ജോസ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ് എടുത്തു. സി. അലീന എസ്.ജെ.സി, സി. ടോണി എസ്.വി.എം. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## തയ്യൽ മിഷ്യൻ വിതരണം ചെയ്തു

കണ്ണൂർ: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉഷ ഇന്റർനാഷണൽ കമ്പനിയുടെ സഹായത്തോടുകൂടി ആരംഭിക്കുന്ന തയ്യൽ പരിശീലന പദ്ധതിയുടെ ഭാഗമായി 20 വനിതാ തയ്യൽ ടീച്ചേഴ്സിന് തയ്യൽ മിഷ്യൻ സൗജന്യമായി വിതരണം ചെയ്തു. ശ്രീപുരം പാസ്റ്ററൽ സെന്ററിൽ നടന്ന പരിശീലന പരിപാടിയോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. മലബാർ സോഷ്യൽ

സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ അദ്ധ്യക്ഷനായിരുന്നു. ഉഷാ ഇന്റർ നാഷണൽ മാസ്റ്റർ ട്രെയ്നർ ശ്രീമതി അന്നക്കുട്ടി തോമസ്, കൈതുന്നൽ പരിശീലന വിദഗ്ധ ശ്രീമതി. സ്മിത കെ.വി. എന്നിവർ പ്രസംഗിച്ചു. പദ്ധതി പ്രകാരമുള്ള 7 ദിവസം നീണ്ടുനിൽക്കുന്ന റെസിഡൻഷ്യൽ വിദഗ്ധ തയ്യൽ പരിശീലനം ശ്രീപുരത്തു നടന്നു. പുതിയതായി 20 തയ്യൽ സ്കൂളുകൾ ആരംഭിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## ചെക്ക് വിതരണം നടത്തി

കണ്ണൂർ: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഗോത്രവർഗ്ഗ വികസന പദ്ധതിയുടെ ഭാഗമായുള്ള കയ്യാല നിർമ്മാണം, അരുവി നവീകരണം, കിണർ നവീകരണം എന്നിവയ്ക്കുള്ള ചെക്ക് വിതരണ ഉദ്ഘാടനം മാർ ജോസഫ് പണ്ടാരശ്ശേരിൽ പയ്യാവൂരിൽ വച്ച് നിർവ്വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, ട്രൈബൽ ഡവലപ്മെന്റ് പദ്ധതി കോർഡിനേറ്റർ ശ്രീ ലേവി മാത്യു എന്നിവർ സന്നിഹിതരായിരുന്നു. ഗോത്രവർഗ്ഗ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള 60 ഓലികൾ, 90 കിണറുകൾ എന്നിവയാണ് പദ്ധതി പ്രകാരം നവീകരിക്കുന്നത്. കിണറുകളുടെ നവീകരണത്തിന് 15000 രൂപയും, ഓലിയുടെ നവീകരണത്തിന് 11250 രൂപയും ലഭ്യമാക്കുന്നു. കയ്യാല നിർമ്മാണത്തിന് മീറ്ററിന് 82 രൂപ വീതം ലഭ്യമാക്കുന്നു.

## ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

മാസ്സ് ജില്ലാ ഭരണകൂടം, കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ കണ്ണൂർ, കാസർകോഡ് മേഖലകളിൽ വിപുലമായ ക്ഷയരോഗ നിർമ്മാർജ്ജന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കപ്പെട്ടു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, തയ്യൽ തൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പ് തൊഴിലാളികൾ, കർഷക സംഘടനകൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസ്സുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടിസ്ഥാന വിവരശേഖരണം, കൗൺസലിംഗ് എന്നിവ നടത്തുന്നു. രോഗലക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

## തയ്യൽ പരിശീലനം ആരംഭിച്ചു

മാസ്സ് കൊട്ടോടിയിൽ സൗജന്യ തയ്യൽ പരിശീലനം ആരംഭിച്ചു. രണ്ടുമാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിന് ശ്രീമതി. മേരിക്കുട്ടി ജോജോ, ശ്രീമതി ആൻസി ജോസഫ്, ശ്രീമതി ലാലി സണ്ണി എന്നിവർ നേതൃത്വം നൽകുന്നു.

## മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്

പയ്യാവൂർ: മാസ്സ് നബാർഡിന്റെ സഹായത്തോടുകൂടി പയ്യാവൂർ ഗ്രാമ പഞ്ചായത്തിലെ ഗോത്രവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന ട്രൈബൽ വികസന ഫണ്ട് (TDF) നോടനുബന്ധിച്ച് വിവിധ കോളനികളിൽ മഴ ക്കാല രോഗ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ചന്ദനകാംപാറ PHD ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ശീനിവാസൻ ക്ലാസ് നയി ച്ചു. മാസ്സ് വാടി ടീം അംഗങ്ങൾ നേതൃത്വം നൽകി.

## നിയമസഹായവും കൗൺസലിംഗും

കണ്ണൂർ: സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടുകൂടി മാസ്സ് ശ്രീപുരത്ത് നടക്കുന്ന നിയമ ഉപദേശക സെല്ലിൽ അഡ്വക്കറ്റിന്റെ സേവ നത്തിനു പുറമെ എല്ലാ ശനിയാഴ്ചകളിലും ഫാമിലി കൗൺസിലറുടെ സൗജന്യ സേവനം ലഭ്യമാക്കുന്നു. സൗജന്യ നിയമോപദേശത്തിന് അഡ്വ. രേഖ അഭിലാഷ് - 9497889130. ഫാമിലി കൗൺസിലർ ശ്രീമതി സുജയ എ.കെ. MSW- 8281082378.

## തേനീച്ച വളർത്തൽ പദ്ധതി ആരംഭിച്ചു

മാസ്സ് മടമ്പം ഫൊറോനയിലെ പയ്യാവൂർ ടൗൺ, പയ്യാവൂർ, ചമത ച്ചാൽ ഇടവകകളിൽ തേനീച്ച വളർത്തൽ പദ്ധതി ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പയ്യാവൂർ ടൗൺ പാരീഷ് ഹാളിൽ ഉദ്ഘാ ടനം ചെയ്തു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശ ദീകരണം നടത്തി. നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. നാഗേഷ് എം.കെ. പയ്യാവൂർ അസ്സി. വികാരി ഫാ. സജി മെക്കാട്ടുകു ന്നേൽ എന്നിവരും പ്രസംഗിച്ചു.

## ശ്മശാന നിർമ്മാണ പ്രവർത്തനം ആരംഭിച്ചു

മാസ്സ് കതിരൂർ ഗ്രാമപഞ്ചായത്തിൽ സഹായ സംഘടനയായി നടപ്പി ലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായുള്ള ശ്മശാന നിർമ്മാണ

പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. പവിത്രൻ നിർവഹിച്ചു. മാസ്സ് ജലനിധി ടീം അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## പശുവളർത്തൽ പദ്ധതി ഉദ്ഘാടനം ചെയ്തു

മാസ്സ് നബാർഡിന്റെ സഹായത്തോടുകൂടി പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ട്രൈബൽ ഡവലപ്മെന്റ് ഫണ്ടിന്റെ ഭാഗമായുള്ള പശുവളർത്തൽ പദ്ധതി നബാർഡ് ജില്ലാ മാനേജർ ശ്രീ. നാഗേഷ് എം.കെ. പയ്യാവൂർ ടൗൺ പാരീഷ് ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പണ്ടാരശ്ശേരിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ഫാ. സുനിൽ പെരുമാനൂർ ആമുഖ പ്രഭാഷണം നടത്തി. ശ്രീ. അബ്രഹാം യു.പി, ശ്രീ. ലേവി മാത്യു, ശ്രീമതി റെനി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## സ്കൂൾ ബാഗുകൾ വിതരണം ചെയ്തു

മാസ്സ് വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി മടമ്പം ഫൊറോനയിലെ നിർധനരായ കുട്ടികൾക്ക് സ്കൂൾ ബാഗുകൾ സൗജന്യമായി വിതരണം ചെയ്തു. പ്രസ്തുത വിതരണ ഉദ്ഘാടനം കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പയ്യാവൂർ പാരിഷ് ഹാളിൽ നിർവ്വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പയ്യാവൂർ ഇടവക വികാരി ഫാ. സജി പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

## പഠന ഉപകരണങ്ങൾ വിതരണം ചെയ്തു

മാസ്സ് വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി രാജപുരം, പെരിക്കല്ലൂർ എന്നീ ഫൊറോനയിലെ നിർധനരായ കുട്ടികൾക്ക് പഠനഉപകരണങ്ങളായ നോട്ട്ബുക്ക്, ഇൻസ്ട്രമെന്റ്സ് ബോക്സ് എന്നിവ വിതരണം ചെയ്തു. പ്രസ്തുത വിതരണ ഉദ്ഘാടനം ശ്രീപുരം പാസ്റ്ററൽ സെന്ററിൽ വച്ച് കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവ്വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയ പുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, മാസ്സ്

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**മെയ് 2015**

7 തൂവാനീസയിൽ പ്ലസ്ടു വിദ്യാർത്ഥികൾക്കായി നടത്തിയ എഫാത്ത പ്രോഗ്രാമിൽ പങ്കെടുത്തു.

9 കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ ചൈതന്യയിൽ നടത്തിയ സമർപ്പിത വർഷാചരണത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

10 വടക്കുംമുറി ഇടവകയിൽ ഇടയസന്ദർശനം നടത്തി.

11 ചൈതന്യയിൽ നടന്ന കർഷക സംഗമത്തിൽ പങ്കെടുത്തു.

\- കുറുമുള്ളൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച സൺഡേ സ്കൂൾ കെട്ടിടവും ഷോപ്പിങ്ങ് കോംപ്ലക്സും വെഞ്ചരിച്ചു.

12 കുമരകം ഇടവകയിൽ വി. ബലിയർപ്പിക്കുകയും കുട്ടികളുടെ ആദ്യകുർബാന സ്വീകരണം നടത്തുകയും ചെയ്തു.

\- ഉഴവൂർ ഇടവകാംഗം പരേതനായ വാഴപ്പിള്ളിൽ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

13 പിറവം ഇടവകയിൽ വി. ബലിയർപ്പിക്കുകയും കുട്ടികളുടെ ആദ്യകുർബാന സ്വീകരണം നടത്തുകയും പുതുതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

\- എസ്.എച്ച്. മൗണ്ടിൽ വിസിറ്റേഷൻ സഭാ സമർപ്പിതരുടെ സഭാവസ്ത്ര, നിത്യവ്രത വാഗ്ദാന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

# ENGAGEMENTS

## Mar Mathew Moolakkatt

**June 2015**

6 Holy Qurbana and religious' meet at S.H. Mount.

9 Bi-monthly of priests at Chaithanya.

9-11 KCBC at POC, Kochi.

19 To UK.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**മെയ് 2015**

5 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന മലബാർ റീജിയൺ ക്നാനായ സ്റ്റാഴ്സ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

\- ചങ്ങലേരി ഫൊറോനാ സമർപ്പിത സംഗമത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ചു.

7 പയ്യാവൂർ പള്ളിയിൽ വച്ചു നടത്തിയ മടമ്പം ഫൊറോന സമർപ്പിതസംഗമത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

9 പെരിക്കല്ലൂർ പള്ളിയിലെ ഇടവകദിന ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ചു.

10 തലശ്ശേരി അതിരൂപതയിലെ കരേറ്റുംചാൽ പള്ളിയിൽ വി. കുർബാന അർപ്പിച്ച് കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നല്കി.

13 എസ്.എച്ച്. മൗണ്ട് പള്ളിയിൽ വിസിറ്റേഷൻ സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാനകർമ്മത്തിൽ പങ്കെടുക്കുകയും വി. കുർബാനയിൽ സന്ദേശം നല്കുകയും ചെയ്തു.

14 കരിങ്കുന്നം പള്ളിയിൽ ഫാ. ജോമോൻ തട്ടാമറ്റത്തിൽ എസ്.വി.ഡിയുടെ പൗരോഹിത്യ രജത ജൂബിലി വി. കുർബാനയിൽ സന്ദേശം നല്കി.

\- ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

15 കണ്ണൂർ കളക്ട്രേറ്റിൽ 'ദി പീപ്പിൾ'ന്റെ ആഭിമുഖ്യത്തിൽ നടന്ന കർഷകധർണയിൽ പങ്കെടുത്ത് ആശംസയർപ്പിച്ചു.

20 കടുത്തുരുത്തി മരിയമലയിൽ വച്ച് ഒ.എസ്.ബി. ബ്രദേഴ്സിന്റെ വ്രതവാഗ്ദാന കർമ്മത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

\- സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ മൗണ്ട് സെന്റ് തോമസിൽ നടന്ന പ്രതിഭാസംഗമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

21 കടുത്തുരുത്തി പള്ളിയിലെ 40 മണി ആരാധനയുടെ ആദ്യ ദിവസം വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി, ആരാധനയിൽ പങ്കെടുത്തു.

26 മാസ്സിന്റെ ആഭിമുഖ്യത്തിൽ പയ്യാവൂർ ടൗൺ പള്ളിയിലും പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലും നടത്തിയ പഠനോപകരണ പദ്ധതിയും ട്രൈബൽ പ്രോജക്റ്റും ഉദ്ഘാടനം ചെയ്തു.

28 ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ മലബാർ റീജിയൺ ഫൊറോന വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

29 SEMS സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

\- ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ മലബാർ റീജിയൺ വിശ്വാസപരിശീലന പ്രഥമാധ്യാപകരുടെ മീറ്റിംഗിൽ പങ്കെടുത്തു.

30\. നീണ്ടൂർ പള്ളിയിൽ വച്ച് ബഹു. സിറിയക് കാട്ടൂപറമ്പിൽ അച്ചന്റെ പൗരോഹിത്യ രജതജൂബിലി വി. കുർബാനയിൽ സന്ദേശം നല്കി.

\- ബി.സി.എം., ഉഴവൂർ കോളജുകളിലെ അനദ്ധ്യാപകരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു.

31\. തൂവാനീസായിൽ വച്ചു നടത്തിയ എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ചു.

# Engagements

## Mar Joseph Pandarasseril

**June 2015**

8-9 ICYM meeting at Bangalore.

9-11 KCBC at P.O.C.

18 Catechism Directors meet at Mount St. Thomas, Kakkanad.

# വചനദർശനം

## ശ്ലീഹാക്കാലം നാലാം ഞായർ

**ജൂൺ 14, 2015** **വി. ലൂക്കാ. 6:27 - 36**

തിന്മയെ നന്മകൊണ്ട് കീഴടക്കുക എന്ന സന്ദേശമാണ് തിരുവചന ഭാഗം നൽകുന്നത്. അക്രമവും അനീതിയും കൊള്ളയും കൊലയും വഞ്ചനയും മുഖമുദ്രയാക്കിയ ഈ ഉത്തരാധുനികയുഗത്തിൽ പരസ്നേഹത്തിന്റേയും, സഹനത്തിന്റേയും എളിമയുടേയും പ്രാർത്ഥനയുടേയും വക്താക്കളാകുവാൻ തിരുവചന ഭാഗം നമ്മെ ആഹ്വാനം ചെയ്യുന്നു. നന്മയ്ക്കു പകരം നന്മചെയ്യുന്നതിൽ പ്രത്യേക മേന്മ അവകാശപ്പെടാനില്ല. എന്നാൽ, തിന്മയ്ക്കു പകരം നന്മ ചെയ്യുന്നതിലാണ് ക്രൈസ്തവ സ്നേഹം അടങ്ങിയിരിക്കുന്നത്. ക്രൈസ്തവ ജീവിതം ഒരു മുറിയപ്പെടലാണ്, പകുത്തു നൽകലാണ്. തന്നെതന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച മിശിഹാ ക്രൈസ്തവ ജീവിതത്തിന്റെ ഏറ്റവും മഹത്തായ മാതൃകയാണ്. ശത്രുക്കളെ സ്നേഹിക്കാനും ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യാനും ശപിക്കുന്നവരെ അനുഗ്രഹിക്കാനും അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പഠിപ്പിച്ച ഗുരു സ്വന്തം ജീവിതത്തിലൂടെ ഇവ കാട്ടി തരികയും ചെയ്തു.

തിന്മയെ നന്മകൊണ്ടു ജയിക്കുന്നതിൽ ഒരു സഹനമുണ്ട്. ഈ സഹനം നമ്മെ നിത്യജീവനവകാശികളാക്കുമെന്ന് സഹനത്തിലൂടെ മഹത്വത്തിലേക്ക് പ്രവേശിച്ച മിശിഹാ നമ്മെ പഠിപ്പിക്കുന്നു. ഒഴുക്കിനൊത്ത്

നീന്തുക എളുപ്പമാണ്. എന്നാൽ ഒഴുക്കിനെതിരെ നീന്തുക ശ്രമകരമാണ്. നമ്മെ സ്നേഹിക്കുന്നവരെ നാം സ്നേഹിക്കുക എന്നത് സ്വാഭാവികമാണ്. എന്നാൽ നമ്മെ വെറുക്കുന്നവരെ സ്നേഹിക്കുക എന്നത് അതിസ്വാഭാവികമായ ഒരു പുണ്യമാണ്. ചുരുക്കത്തിൽ സ്വാഭാവിക പുണ്യത്തിൽ നിന്നും അതിസ്വാഭാവിക പുണ്യത്തിലേക്കുള്ള വളർച്ചയാണ് ഒരു ക്രൈസ്തവന്റെ ജീവിതത്തിൽ ഉണ്ടാകേണ്ടത് എന്ന് സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. ന്യൂ ജനറേഷൻ ഭാഷയിൽ 'അതുക്കുംമേലെ' നാം വളരേണ്ടിയിരിക്കുന്നു. തിന്മയെ നന്മകൊണ്ട് ജയിക്കുന്നവർക്കു ലഭിക്കുന്ന പ്രതിഫലം ദൈവപുത്രസ്ഥാനമാണ്. നന്ദിഹീനരോടും ദുഷ്ടരോടും കരുണകാണിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ മക്കളാകാനുള്ള അടിസ്ഥാന യോഗ്യതയായി ലൂക്കാ സുവിശേഷകൻ ചൂണ്ടികാണിക്കുന്നത് കരുണയെന്ന പുണ്യമാണ്. ഈ പുണ്യം സ്വന്തമാക്കി നമുക്ക് സ്വർഗ്ഗീയ പിതാവിന്റെ യഥാർത്ഥ മക്കളായിത്തീരാം.

ബ്ര. ജിബിൻ മണലോടിയിൽ

## ശ്ലീഹാക്കാലം അഞ്ചാം ഞായർ

**ജൂൺ 24, 2015** **ലൂക്കാ. 12:22-34**

ലൂക്കായുടെ സുവിശേഷം 'വിജാതിയർക്ക് എഴുതപ്പെട്ട സുവിശേഷം' എന്നാണ് അറിയപ്പെടുന്നത്. വിജാതിയർ ഭൂരിഭാഗവും സാധാരണക്കാരും ദരിദ്രരുമായിരുന്നു. അതിനാൽ തന്നെ ലൂക്കായുടെ സുവിശേഷത്തിൽ പലയിടത്തും ലൗകീകമായ നേട്ടങ്ങളുടെ നശ്വരതയെ എടുത്തുകാണിക്കുന്നുണ്ട്. 12-ാം അധ്യായം 13-ാം വാക്യത്തിൽ പിതൃസ്വത്ത് തർക്കവുമായി ഏതാനും പേർ ഈശോയുടെ അടുത്തു വരുന്നത് നമുക്ക് കാണാം. ഈ സംഭവത്തെ ആസ്പദമാക്കിയാണ് ഈശോ സമ്പത്തിനെക്കുറിച്ച് സംസാരിച്ചു തുടങ്ങുന്നത്. ആദ്യം അവിടുന്ന് ഭോഷനായ ധനികന്റെ ഉപമ പറഞ്ഞതിനുശേഷമാണ് ദൈവപരിപാലനയിൽ ആശ്രയം വയ്ക്കുക എന്ന ഉപദേശം നൽകുന്നത്. ഇതേ ഉപദേശത്തിന്റെ ഒരു സംക്ഷിപ്ത രൂപം ഈശോ പഠിപ്പിച്ച പ്രാർത്ഥനയിലും നാം കാണുന്നുണ്ട്. ലൂക്കാ. 11:3 "അന്നന്നു വേണ്ട ആഹാരം ഓരോ ദിവസവും ഞങ്ങൾക്കു നൽകണമേ" എന്നു പ്രാർത്ഥിക്കുമ്പോൾ ദൈവപരിപാലനയിൽ നമ്മൾക്കുള്ള പൂർണ്ണ ആശ്രയത്തിന്റെ ഒരു പ്രതിഫലനമായിരിക്കണം അത്.

ദൈവപരിപാലനയിലുള്ള നമ്മുടെ ആശ്രയം അവിടുത്തോടുള്ള നമ്മുടെ സ്നേഹത്തിൽനിന്നും ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിൽ നിന്നും ഉടലെടുക്കേണ്ട ഒന്നാണ്. തന്റെ സഹനമരണോത്ഥാനത്താൽ ഈശോ നമുക്ക് നമ്മുടെ ദൈവപുത്രസ്ഥാനം വീണ്ടെടുത്തു തന്നു. എന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം പിതാവായ ദൈവം എന്നെ സ്നേഹിക്കുന്നുവെന്ന ബോധ്യത്തിൽ നിന്നും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ ദൈവത്തിന് എന്റെ ഏതാവശ്യവും സാധിച്ചുതരാൻ കഴിവുണ്ട് എന്ന വിശ്വാസത്തിൽ നിന്നും തനിയെ ഉരുത്തിരിയുന്ന മനോഭാവമാണ് ദൈവാശ്രയം.

എന്നാൽ പലപ്പോഴും നമ്മുടെ ആവശ്യങ്ങൾ ദൈവം സാധിച്ചു തരാത്തതായി നമുക്ക് അനുഭവപ്പെടാറുണ്ട്. ഇത് യഥാർത്ഥത്തിൽ നമ്മുടെ ഭാഗത്തെ തെറ്റാണ്. കാരണം നമ്മുടെ ലൗകീക ആഗ്രഹങ്ങളെ നാം നമ്മുടെ ആവശ്യങ്ങളായി തെറ്റിധരിച്ചിരിക്കുന്നു. ജറെമിയാ 29:11 ൽ കർത്താവ് അരുളിചെയ്യുന്നു. നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി." ദൈവം ഈ പദ്ധതിക്കനുസരിച്ചുള്ള നമ്മുടെ ആവശ്യങ്ങളാണ് നിറവേറ്റിതരുന്നത്. അപ്പോൾ മക്കളെന്ന നിലയിൽ നമ്മുടെ പ്രഥമ ദൗത്യം പിതാവിന്റെ ഹിതമാരാഞ്ഞ് അതിനനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്.

ജീവൻ നിലനിർത്താൻ ഭക്ഷണമാവശ്യമല്ലെ എന്ന ചോദ്യം ഇവിടെ ഉയരാം. തീർച്ചയായും ആവശ്യമാണ് താനും. പക്ഷേ, ഭക്ഷണത്തിനുവേണ്ടി നീതിക്കും ന്യായത്തിനും നിരക്കാത്തതായി ഒന്നും ചെയ്തുകൂടാ. മാനുഷീകമായ ചിന്തയിൽ നടത്തിക്കൊണ്ടു പോകുവാൻ ഒരു നിർവ്വാഹവുമില്ലാത്ത എത്രയോ ആതുരാലയങ്ങൾ ദൈവപരിപാലനയുടെ ശക്തി കൊണ്ടു മാത്രം ഇന്നും നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്നു? ഇനി ദൈവ പരിപാലനയിൽ പൂർണ്ണമായി ആശ്രയിച്ചും നമ്മളാൽ കഴിയുന്നവിധം നീതിക്കും ന്യായത്തിനും അനുശ്രുതമായി പ്രവർത്തിച്ചിട്ടും ജീവൻ നിലനിർത്താൻ നമ്മൾക്ക് കഴിയുന്നില്ലെങ്കിലോ?

വിശുദ്ധമായി ജീവിതം നയിക്കുന്നവർക്ക് എന്തുകൊണ്ട് ക്ലേശങ്ങൾ സംഭവിക്കുന്നു. ഇതിനുള്ള ഉത്തരവും ഈശോ നൽകുന്നുണ്ട്. "ജീവൻ

ഭക്ഷണത്തിനും, ശരീരം വസ്ത്രത്തിനും ഉപരിയാണ്." അതായത് നമ്മുടെ ജീവനും ശരീരവുമെല്ലാം ദൈവത്തിന്റെ ദാനമാണ്. ജീവൻ തന്നത് ദൈവത്തെ മഹത്വപ്പെടുത്താനും, ശരീരം അവിടുത്തെ ആലയ മാക്കാനും. ക്ലേശങ്ങൾ സഹിച്ചാണ് കർത്താവിനെ മഹത്വപ്പെടുത്താൻ ദൈവം പദ്ധതിയിട്ടിരിക്കുന്നെങ്കിൽ അതിനെ ചോദ്യം ചെയ്യാൻ മനുഷ്യന് അവകാശമില്ല. കാരണം സർവ്വ ക്ലേശങ്ങളും നമ്മൾക്കുവേണ്ടി സഹിച്ച വനാണ് ദൈവം. തന്നെയുമല്ല, ഈലോകത്തിലെ ചെറിയ ക്ലേശങ്ങൾ പരലോക സൗഭാഗ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒന്നുമല്ല എന്ന ബോധ്യവും നമുക്കുണ്ടാവണം. അതുകൊണ്ട് പൗലോസ് ശ്ലീഹായുടെ വിശ്വാസത്തോടെ നമുക്കും ഏറ്റു പറയാം, "ദൈവത്തെ സ്നേഹിക്കുന്ന വർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു." (റോമ. 8:28).

ബ്ര. ബോണി കറ്റുവീട്ടിൽ

## ശ്ലീഹാക്കാലം ആറാം ഞായർ

**ജൂൺ 28, 2015** **വി. ലൂക്കാ. 12:57 – 13:5**

"അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവൻ ഭാഗ്യവാൻ" (സങ്കീ. 32:1). സങ്കീർത്തകന്റെ ഈ വാക്കുകളെ എപ്രകാരം ജീവിതത്തിൽ യാഥാർത്ഥ്യമാക്കാമെന്നാണ് ഇന്നത്തെ സുവിശേഷം നമ്മെ പഠിപ്പിക്കുന്നത്. പശ്ചാത്താപത്തിനും, സഹോദരരുടെ തെറ്റുകൾ ക്ഷമിക്കുന്നതിനും ജീവിതത്തിൽ എത്രമാത്രം പ്രാധാന്യമുണ്ടെന്ന് നാം മനസ്സിലാക്കണം. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലെ കുറവു കളിൽ പ്രധാനപ്പെട്ട കുറവും ഇതുതന്നെയാണ്.

നമ്മൾ പശ്ചാത്തപിക്കുന്നില്ലെങ്കിൽ കഠിനഹൃദയരായി തീരുമെന്നു ള്ളത് സത്യമാണ്. ഹൃദയകാഠിന്യം നമ്മെ സഹോദരനിൽ നിന്നും അക റ്റുകയില്ലേയെന്നു നമുക്ക് ചിന്തിക്കാം. പലപ്പോഴും നമ്മുടെ ജീവിതങ്ങൾ പരിശോധിച്ചാൽ പ്രശ്നങ്ങളുടെ പ്രധാന കാരണം ക്ഷമിക്കാൻ പറ്റാത്ത സാഹചര്യങ്ങളാണ്. ഈശോ നമ്മെ പഠിപ്പിച്ചത് സഹോദരസ്നേഹ ത്തിന്റെ ആഴങ്ങളെയാണ്, ഭിന്നിപ്പിന്റെയും വിദ്വേഷത്തിന്റെയും നാശ ത്തെക്കുറിച്ചും.

നമ്മൾ സഹോദരരോട് ക്ഷമിക്കുന്നില്ലെങ്കിൽ നമുക്ക് എങ്ങനെ ദൈവ സന്നിധിയിൽ സംപ്രീതി നേടാൻ സാധിക്കും. കാരണം നമ്മൾ അനുദിന ജീവിതത്തിൽ "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയിൽ ഏറ്റു പറയുന്നു. "ഞങ്ങളോട് തെറ്റു ചെയ്തവരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകളും ഞങ്ങളോട് ക്ഷമിക്കണമെ." നമ്മൾ സഹോദരരുടെ തെറ്റുകൾ ക്ഷമിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ ഈശോ നമ്മുടെ തെറ്റുകൾ ക്ഷമിക്കും. അതിന് ആദ്യം വേണ്ടത് നമ്മുടെ വ്യക്തിപരമായ പശ്ചാത്താപമാണ്.

നമ്മുടെ പശ്ചാത്താപം ഉണ്ടാകേണ്ടത് തമ്പുരാന്റെ മുന്നിലും അതു പൂർത്തിയാക്കേണ്ടത് കുമ്പസാരകൂടുകളിലുമാണ്. ദേവാലയങ്ങളിലെ കുമ്പസാരകൂടുകൾ നമുക്ക് അന്യമാണോ? ആണെങ്കിൽ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നു നമുക്ക് ചിന്തിക്കാം. ദിവസവുമുള്ള അനുതാപത്തോടെയും, യഥാകാലം കുമ്പസാരിക്കുന്നതിലൂടെയും ദൈവത്തോടും സഹോദരങ്ങളോടും രമ്യതപ്പെട്ടു ജീവിക്കുന്നവരായി നമുക്കു മാറുവാൻ സാധിക്കട്ടെ.

ബ്ര. മാത്യുക്കുട്ടി കൊളക്കാട്ടുകുടി

# വാർത്തകൾ

## മാർപാപ്പ സെപ്തംബറിൽ ക്യൂബ സന്ദർശിക്കും

വത്തിക്കാൻ സിറ്റി: സെപ്റ്റംബറിൽ അമേരിക്ക സന്ദർശിക്കുന്ന ഫ്രാൻസിസ് മാർപാപ്പ അതിനുമുൻപായി ക്യൂബ സന്ദർശിക്കുമെന്ന് വത്തിക്കാൻ വക്താവ് ഫാ. ഫെഡറിക്കോ ലൊമ്പാർദി. ക്യൂബൻ പ്രസിഡന്റ് റൗൾ കാസ്ട്രോ നേരിട്ട് വത്തിക്കാനിലെത്തി മാർപാപ്പയെ ക്യൂബയിലേക്ക് ക്ഷണിക്കുകയായിരുന്നു. സെപ്റ്റംബർ 23 മുതൽ 27 വരെ ഫിലാഡെൽഫിയയിൽ അരങ്ങേറുന്ന കുടുംബങ്ങളുടെ ആഗോള സംഗമത്തോടനുബന്ധിച്ച് നിശ്ചയിച്ചിരിക്കുന്ന അമേരിക്കൻ സന്ദർശനത്തിന് മുന്നോടിയായി ക്യൂബ സന്ദർശിക്കുവാനുള്ള മാർപാപ്പയുടെ തീരുമാനം ലോകരാഷ്ട്രങ്ങൾ ഏറെ പ്രാധാന്യത്തോടെയാണ് നോക്കിക്കാണുന്നത്. വർഷ

ങ്ങളായി നിർത്തിവച്ചിരുന്ന അമേരിക്ക-ക്യൂബ നയതന്ത്ര ബന്ധങ്ങൾ ഫ്രാൻസിസ് മാർപാപ്പയുടെ ഇടപെടലിലൂടെയാണ് പുനസ്ഥാപിച്ചത്. മാർപാപ്പ ഇങ്ങനെ തുടർന്നാൽ താൻ കത്തോലിക്കാ സഭയിൽ തിരിച്ചെത്തുമെന്ന ക്യൂബൻ പ്രസിഡന്റ് റൗൾ കാസ്ട്രോയുടെ വെളിപ്പെടുത്തൽ ഏവരെയും അത്ഭുതപ്പെടുത്തിയിരിക്കുന്നു. "മാർപാപ്പ സെപ്തംബറിൽ ക്യൂബയിലെത്തുമ്പോൾ അദ്ദേഹത്തിന്റെ എല്ലാ വിശുദ്ധ കുർബ്ബാനയിലും ഞാൻ പങ്കെടുക്കും" മാർപാപ്പയെ സന്ദർശിച്ചതിനുശേഷം അദ്ദേഹം കൂട്ടിച്ചേർത്തു.

## മദർ തെരേസ വിശുദ്ധ പദവിയിലേയ്ക്ക്

വത്തിക്കാൻസിറ്റി: പാവങ്ങളുടെ അമ്മയായ വാഴ്ത്തപ്പെട്ട മദർതെരേസായെ സെപ്റ്റംബറിൽ വിശുദ്ധയായി പ്രഖ്യാപിക്കും. ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതായി വിശുദ്ധരുടെ നാമകരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ തലവൻ കർദ്ദിനാൾ റിനോ ഫിസിക്കെല്ലാ പറഞ്ഞു. മദറിന്റെ പ്രേഷിത പ്രവർത്തനത്തിന്റെ ജൂബിലി ആഘോഷിക്കുന്ന സെപ്റ്റംബർ നാലിന് വിശുദ്ധ പദവിയിലേക്ക് ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മദർ തെരേസയുടെ മദ്ധ്യസ്ഥതയിൽ നടന്ന രണ്ടാമത്തെ അത്ഭുതവും കൂടി അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതായി കർദിനാൾ ഫിസിക്കെല്ലാ അറിയിച്ചു.

## എൻ.ബി.സി.എൽ.സി.യിൽ വൈദികർക്കുവേണ്ടി ത്രിദിന സെമിനാർ

ബാംഗ്ലൂർ: ഒക്ടോബറിൽ നടക്കുന്ന റോമൻ സിനഡിന്റെ പശ്ചാത്തലത്തിൽ ബാംഗ്ലൂർ എൻ.ബി.സി.എൽ.സി. വൈദികർക്കുവേണ്ടി മൂന്നുദിവസം നീണ്ടുനിൽക്കുന്ന കോൺഫ്രൻസ് സംഘടിപ്പിക്കുന്നു. "Parish Ministry and Family Apostolate: Pastoral and Canonical Concerns" എന്ന വിഷയത്തിന്മേൽ പ്രഗത്ഭർ പങ്കെടുക്കുന്ന സെമിനാർ ജൂലൈ 14 മുതൽ 17 വരെ എൻ.ബി.സി.എൽ.സി കേന്ദ്രത്തിൽ നടക്കും. താമസവും ഭക്ഷണവും ഉൾപ്പെടെ കോഴ്സ് ഫീസ് 2000/- രൂപ. വിശദവിവരങ്ങൾക്ക് ഫോൺ 080 25472369, E-mail: dirnbclc@yahoo.com